Draft #5 of File 6067/EXAM FRONT OFFICE SO/2020/FCSW Approved by ASSISTANT REGISTRAR XX (EXAM) on 11-Jan-2022 03:08 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ - ഡിജിറ്റൈസേഷൻ പൂർ ത്തിയാക്കിയ അഡ്മിഷൻ രെജിസ്റ്ററുകൾ വാലിഡേറ്റ് ചെയ്യുന്നത് സംബന്ധിച്ച് - നടപടി ക്രമം -അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

EXAM DOCUMENT DIGITALISATION SECTION

നമ്പർ. 337/EDDS/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 11.01.2022

---

*പരാമർശം:*-സർവ്വകലാശാല ഉത്തരവ് നമ്പർ 7371/EDDS/2021/MGU തീയതി 24/12/2021

**ഉത്തരവ്**

മേൽ പരാമർശിച്ച സർവ്വകലാശാല ഉത്തരവ് പ്രകാരം ഡിജിറ്റൈസേഷൻ നടപടികൾ പൂർത്തീകരിച്ച പരീക്ഷാ രേഖകൾ അതാതു സെക്ഷൻ ഓഫീസർമാർ നൽകുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർമാർ പരീക്ഷാ കൺട്രോളർക്കു സമർപ്പിക്കുന്ന പൂർത്തീകരണ സാക്ഷ്യപത്രം ഒരോ ഡേറ്റാ വാല്യത്തിന്റെയും അവസാന പേജായി ചേർത്ത് , പരീക്ഷാ കൺട്രോളറുടെ ഡിജിറ്റൽ ഒപ്പ് ടി സാക്ഷ്യപത്രങ്ങളിൽ പതിപ്പിച്ചു വാലിഡേറ്റ് ചെയ്യുന്നതിന് തീരുമാനമായിരുന്നു. ഡിജിറ്റൈസേഷൻ പൂർത്തീകരിച്ച 16 ഡേറ്റാ മോഡ്യൂളുകളിലും ഉൾപ്പെട്ടിരുന്നത് പരീക്ഷാ കൺട്രോളറുടെ ചുമതലയിൽ വരുന്ന സെക്ഷനുകളിലെ ഒൺലൈൻ പോർട്ടലിൽ ലഭ്യമല്ലാത്ത ടാബുലേഷൻ രജിസ്റ്ററുകളാണ്.

17 -ാം മത്തെ മോഡ്യൂളായി ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചത് സ്കൂൾ ഡിസ്റ്റൻസ് എഡ്യൂക്കേഷനിലെ അഡ്മിഷൻ രജിസ്റ്ററുകളാണ്. സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ പരീക്ഷാ കൺട്രോളറുടെ നേരിട്ടുള്ള ചുമതലയിൽ വരുന്ന സെക്ഷൻ അല്ലാത്തതിനാൽ ഡിജിറ്റൈസ് ചെയ്ത അഡ്മിഷൻ രജിസ്റ്ററുകളുടെ വാലിഡേഷൻ നടത്തുന്നതിന് താഴെപ്പറയുന്ന നടപടിക്രമം ബഹു. വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

1. കൈയെഴുത്ത് പ്രതികളായി / കമ്പ്യൂട്ടർ പ്രിന്റുകളായി സൂക്ഷിച്ചിരിക്കുന്ന അഡ്മിഷൻ രജിസ്റ്ററുകൾ ഡിജിറ്റൽ രേഖകളുമായി ഒത്തു നോക്കി പിഴവുകൾ പരിഹരിച്ച് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിന് സ്കൂൾ ഓഫ് എഡ്യൂക്കേഷൻ സെക്ഷൻ ഓഫീസറെ ചുമതലപ്പെടുത്തുന്നു.

2. സ്കൂൾ ഓഫ് എഡ്യൂക്കേഷൻ സെക്ഷൻ ഓഫീസർ നൽകുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി രജിസ്ട്രാർ ( DASP) പൂർത്തീകരണ സാക്ഷ്യപത്രം ബഹു. രജിസ്ട്രാർക്ക് സമർപ്പിക്കുക.

3. ടി പൂർത്തീകരണ സാക്ഷ്യപത്രം അവസാന പുറമായി ഉൾപ്പെടുത്തി കൊണ്ട് സാക്ഷ്യപത്രത്തിൽ Director. School of Distance Education ന്റെ ഡിജിറ്റൽ ഒപ്പ് പതിപ്പിച്ച് ഒരോ വാല്യവും വാലിഡേഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നടത്തി ലോക്ക് ചെയ്ത് സൂക്ഷിക്കുക.

തദ്ദനുസരണം ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

അജിത് കുമാർ വി

അസിസ്റ്റന്റ് രജിസ്ട്രാർ 20 (പരീക്ഷ)
രജിസ്ട്രാർക്ക് വേണ്ടി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 6067/EXAM FRONT OFFICE SO/2020/FCSW Approved by ASSISTANT REGISTRAR XX (EXAM) on 11-Jan-2022 03:08 PM - Page 2